നം.സി.5/2287/2011/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 13-1-2011.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം-ജീവനക്കാര്യം-പൊതു വിദ്യാഭ്യാസ വകുപ്പ് ജൂനിയർ സൂപ്രണ്ടുമാരുടെ പൊതു സ്ഥലം മാറ്റം-സംബന്ധിച്ച്

സൂചന:-

&&&&&

പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്ഥലംമാറ്റം ആവശ്യമുള്ള ജൂനിയർ സൂപ്രണ്ടുമാർ 2011 മാർച്ചിലെ ഒഴിവുകൾ കണക്കാക്കിയുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള അപേക്ഷാഫോറത്തിൽ ഫെബ്രുവരി **5** -ന് മുൻപായി ഈ ഓഫീസിൽ എത്തിച്ചുതരേണ്ടതാണ്. സ്ഥലംമാറ്റം ആവശ്യമുള്ള ഓഫീസുകളുടെ പേര് (പരമാവധി 10 എണ്ണം) മുൻഗണനാക്രമത്തിൽ നൽകാവുന്നതാണ് 2012-ലെ പൊതുസ്ഥലംമാറ്റം വരെ ഈ അപേക്ഷ പരിഗണിക്കുന്നതായിരിക്കും. ഒരാൾ ഒന്നിലധികം അപേക്ഷകൾ അയയ്ക്കുകയാണെങ്കിൽ ആദ്യത്തെ അപേക്ഷ മാത്രമാണ് പരിഗണിക്കുക. ഓപ്ഷൻ എല്ലാം വ്യക്തമായി എഴുതേണ്ടതാണ്. 'റവന്യൂ ജില്ലയിൽ എവിടെയെങ്കിലും', 'ട്രെയിൻ സൗകര്യമുള്ള സ്ഥലങ്ങൾ' തുടങ്ങിയ ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒരിക്കൽ തന്ന ഓപ്ഷൻ മാറ്റാൻ സാധിക്കുന്നതല്ല. എന്നാൽ താൽപര്യമുണ്ടെങ്കിൽ രേഖാമൂലം ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. പ്രമോഷൻ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ റിട്ടയർ ചെയ്യുന്നവർക്ക് ടി കാരണം കാണിച്ച് ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്

(ഒപ്പ്)

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

എ.കെ.വി 14-1-2011

## പൊതു സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാദണ്ഡങ്ങൾ

1) നിലവിൽ ഉള്ള ഒഴിവുകളിലേയ്ക്ക് ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസ് ബാക്കിയുള്ള ഓഫീസർമാരുടെ അപേക്ഷ സീനിയോരിറ്റി നോക്കാതെ തന്നെ പരിഗണിക്കുന്നതായിരിക്കും.

2) ബാക്കിയുള്ള ഒഴിവുകളിലേയ്ക്ക് സീനിയോരിറ്റി പ്രകാരവും മറ്റ് മുൻഗണനകൾക്ക് യോഗ്യതയുണ്ടെങ്കിൽ അവയും കൂടി പരിഗണിച്ചുകൊണ്ടായിരിക്കും സ്ഥലംമാറ്റം നടത്തുന്നത്.

3) നിലവിലുള്ള യു.ഡി.സീനിയോറിറ്റി ലിസ്റ്റുകൾ പ്രകാരമാണ് സീനിയോരിറ്റി കണക്കാക്കുന്നത്.

4) സ്ഥലംമാറ്റം നടത്തിയതിന് ശേഷം തത്ഫലമായി ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് യുഡി.ക്ളാർക്കുമാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസ് ഉള്ളവരെ സ്വന്തം ജില്ലയിൽ തന്നെ ഒഴിവിനു വിധേയമായി സീനിയോരിറ്റി നോക്കാതെ നിയമിക്കുന്നതായിരിക്കും.

5) ഒരു ജില്ലയിൽ സ്ഥലംമാറ്റം മൂലം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ആ ജില്ലയിൽ നിന്നും ഉള്ളവരെ പരിഗണിച്ചതിനു ശേഷം ബാക്കിയുള്ള ഒഴിവുകളിലേയ്ക്ക് മാത്രമേ മറ്റ് ജില്ലകളിൽ നിന്നുള്ളവരെ പരിഗണിക്കൂ.

6) സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും (www.education.kerala.gov.in) ഡൗൺലോഡ് ചെയ്തെടുത്ത് പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്.

# Application for transfer of Junior Superintendent

1. Name :
2. Designation :
3. Name of Office :
4. Date of birth :
5. Rank No. in the Seniority list of U.D Clerk with period of seniority list :
6. Native District/Place :
7. Was the posting to the present station/Office at request (give details on other cases) : :
8. Name of 10 stations to which transfer is required in the order of preference. :
   1.
   2.
   3.
   4.
   5.
   6.
   7.
   8.
   9.
   10.
9. Ground for the request :
10. Whether the applicant is eligible for preferences and if so, give details with documents :
11. Signature of the applicant with date :
12. Recommendation of the Head of office. :